LIBRARY ARCHIVES Kerala Legislative Assembly

ദീപിക ദിനപത്രവുമായി ബന്ധപ്പെട്ട ന്യൂസ് വേ ഇടപാട്

115. [115] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീപിക ദിനപത്രവുമായി ബന്ധപ്പെട്ട് നടത്തിയ ന്യൂസ് വേ ഇടപാടിനെ കുറിച്ച് ഏതെല്ലാം പരാതി പോലീസിന് ലഭിച്ചിട്ടുണ്ട്; ആരുടെയെല്ലാമാണ്;

(ബി) എന്തൊക്കെയാണ് പരാതിയിലെ പ്രധാന പ്രശ്നങ്ങൾ; ആരെല്ലാമാണ് പ്രസ്തുത ഇടപാടിൽ ബന്ധപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ന്യൂസ് വേയുമായി ബന്ധപ്പെട്ട കേരളത്തിലെ ഏതെല്ലാം പോലീസ് സ്റ്റേഷനിൽ കേസ് നിലവിലുണ്ട്;

(ഡി) ഏതെല്ലാം കോടതിയിൽ കേസ് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ പുത്തൻകുരിശ് മീമ്പാറ അകംപിള്ളിൽ ഡോ. ജേക്കബ് ജോണിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കൊച്ചി സിറ്റി പാലാരിവട്ടം പോലീസ് സ്റ്റേഷൻ ക്രൈം 172/05 യു./എസ്. 406, 409, 420, 403, 421, 34 ഐ.പി.സി. ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) രാഷ്ട്രദീപിക ന്യൂസ് വേ സ്ഥാപനത്തിൽ പണം നിക്ഷേപിച്ചാൽ ബോണസ് നൽകാമെന്ന വ്യവസ്ഥയിൽ പരാതിക്കാരൻ പണം നിക്ഷേപിച്ചതിന് ബോണസ് നൽകിയില്ലയെന്നതാണ് പരാതി സംഗതി. ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിൽ രാഷ്ട്രദീപിക ജനറൽ മാനേജർ ജോർജ്ജ്കുട്ടി കുമ്പുൻ, ബിസിനസ് മാനേജർ കെ. സി. തോമസ്, മാനേജിംഗ് ഡയറക്ടർ ജോസ് തോമസ് വട്ടാറ എന്നിവരാണ് ഉൾപ്പെട്ടിട്ടുള്ളത്.

(സി) കൊച്ചി സിറ്റി പാലാരിവട്ടം പോലീസ് സ്റ്റേഷൻ ക്രൈം 172/05 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ഡി) ഇതുമായി ബന്ധപ്പെട്ട് മറ്റു കേസുകൾ ഏതെങ്കിലും കോടതിയിൽ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ലൈസൻസില്ലാതെ പാറപൊട്ടിക്കുന്നതിനെതിരെ നടപടി

116. (116) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
„ പി. കെ. അബ്ദുറബ്ബ്:
„ കെ. എൻ. എ. ഖാദർ:
„ സി. മമ്മൂട്ടി:
„ നാലകത്ത് സൂപ്പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ: